ആരോഗ്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും നടപടി

110 [2542] *ശ്രീ. മഞ്ഞളാംകുഴി അലി:*

„ *കോടിയേരി ബാലകൃഷ്ണൻ:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ ആരോഗ്യ സംരക്ഷണ മേഖലയിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ വിഭാഗത്തിനും എന്തു തുകവീതം ഇതിനായി 2004-2005-ലെ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; ഇതിൽ എന്തു തുകവീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമതലത്തിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും പ്രവർത്തനം മുതൽ ജില്ലാ/ജനറൽ ആശുപത്രികളിലെ പ്രവർത്തനം വരെ എല്ലാ നാട്ടിലുമുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ വിവിധ പദ്ധതികളുടെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും വിവിധ ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പും കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) & (സി) വിവരം ശേഖരിച്ചുവരുന്നു.

"അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തൽ"

111 [2543] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗപ്രതിരോധത്തിനായി അവശ്യമരുന്നുകൾ യഥാസമയം എത്തിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് വീഴ്ചവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly